4. എല്ലാവർഷവും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സർവ്വശിക്ഷാ അഭിയാൻ സ്കൂൾ, ബ്ലോക്ക്, ജില്ലാ വിദ്യാഭ്യാസ പദ്ധതികൾ തയ്യാറാക്കുന്നു. ഇതിൽ ഭിന്നശേഷിയുള്ള കുട്ടിക്കായി പ്രത്യേക ഇടപെടൽ മേഖല ഉണ്ട്. ഈ പദ്ധതി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് സമർപ്പിക്കുന്നു. പ്ലാൻ അപ്രൈസൽ ബോർഡ് അംഗീകരിക്കുന്ന പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ ജൂനിയർ ലാംഗ്വേജ് ടീച്ചറുടെ ഒഴിവുകൾ

65 (5136) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ 'ഉറുദു' ജൂനിയർ ലാംഗ്വേജ് ടീച്ചറുടെ (പാർട്ട് ടൈം/ഫുൾടൈം) എത്ര ഒഴിവുകൾ വീതം നിലവിലുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഫുൾടൈം ജൂനിയർ ഉറുദു തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. ടി തസ്തികയിൽ 2 അദ്ധ്യാപകർ അധികമായി നിലനിൽക്കുകയാണ്. പാർട്ട്ടൈം ജൂനിയർ ഉറുദു തസ്തികയിൽ 6 ഒഴിവുകൾ ഉണ്ട്. ഇവ നേരത്തേ തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിൽ എൻ.സി.എ. ഒഴിവുകളായി പി.എസ്.സി. തന്നെ മാറ്റി വച്ചിട്ടുള്ളവയാണ്.

സ്വയംഭരണ കോളേജുകളിലെ പ്രവേശനം, ഫീസ് ഘടന

66 (5137) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംഭരണ കോളേജുകളിലെ പ്രവേശനത്തിലും ഫീസ് ഘടനയിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എയ്ഡഡ് കോളേജുകളിൽ മെറിറ്റ് സീറ്റുകളിൽ പൂർണ്ണമായും പ്രവേശനം നൽകുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly